പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2399 05.02. 2018 ൽ മറുപടിക്ക്

# വൈദ്യുതി ബിൽ കുടിശ്ശിക

ചോദ്യം

ശ്രീ.സി.കൃഷ്ണൻ

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സർക്കാർ സ്ഥാപനങ്ങളും വൻകിട, ചെറുകിട, സ്വകാര്യ സ്ഥാപനങ്ങളും നാളിതുവരെയായി എത്ര കോടി രൂപയുടെ വൈദ്യുതി ബിൽകുടിശ്ശിക അടയ്ക്കാനുണ്ട്: | (എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനു 31.12.2017 വരെ കുടിശ്ശിക ഇനത്തൽ പിരിഞ്ഞു കിട്ടാനുള്ള തുക 2441.22 കോടി രൂപയാണ്. ഇതിൽ സർക്കാർ സ്ഥാപനങ്ങളും, വൻകിട, ചെറുകിട, സ്വകാര്യ സ്ഥാപനങ്ങളും 31.12.2017 വരെ 2120.60 കോടി രൂപയാണ് കുടിശ്ശികയായുള്ളത്. |
| (ബി) കുടിശ്ശിക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ബി) കുടിശ്ശിക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>എച്ച്.റ്റി./ഇ.എച്ച്.റ്റി. വിഭാഗത്തിൽ പിരിഞ്ഞു കിട്ടാനുള്ള 306.41 കോടി രൂപ വിവിധ കോടതികളിൽ വ്യവഹാരങ്ങളിൽപ്പെട്ട് കിടക്കുന്നതിനാൽ ആയതിന്മേൽ ബഹുമാനപ്പെട്ട കോടതികളുടെ അന്തിമ തീർപ്പനുസരിച്ച് മാത്രമെ പിരിച്ചെടുക്കൽ നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.<br>ബാക്കി തുക പിരിച്ചെടുക്കുന്നതിലേയ്ക്കായി, കുടിശ്ശിക വരുത്തിയിട്ടുള്ളവരുടെ വൈദ്യുതി ബന്ധം വിച്ഛേദിച്ച്, കുടിശ്ശിക നോട്ടീസ് നൽകി, ഡിസ്മാന്റിൽ ചെയ്ത് റവന്യൂറിക്കവറി നടപടി മുഖേനയും, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതികൾ നടപ്പിലാക്കിയും ഉള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.<br>കേരള വാട്ടർ അതോറിറ്റി പോലെയുള്ള ഗവൺമെന്റ് സ്ഥാപനങ്ങളുമായി കുടിശ്ശിക സംബന്ധിച്ചിട്ടുള്ള തീർപ്പിനായി കത്തുകളിലൂടെയും സർക്കാർ തലത്തിലും നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ